**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 95** **22-02-2022 - ൽ മറുപടിയ്ക്ക്**

**പോലീസ് സേനയിലെ പരിഷ്കാരങ്ങൾ**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. ടി. ജെ. വിനോദ്** | | **Shri. Pinarayi Vijayan**<br>**(മുഖ്യമന്ത്രി)** | |
| (എ) | പൊതുജനങ്ങളോട് മാന്യമായി പെരുമാറാത്ത എത്ര സേനാംഗങ്ങൾക്കെതിരെ നാളിതുവരെയായി നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; | (എ) | 45 സേനാംഗങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട് |
| (ബി) | ന്യായമായ കാര്യങ്ങൾക്ക് വേണ്ടി പോലീസ് സ്റ്റേഷനിൽ എത്തുന്ന സാധാരണക്കാർക്കെതിരെ കേസ് വരെ രജിസ്റ്റർ ചെയ്യുന്ന പോലീസ് സേനാംഗങ്ങൾക്കെതിരെ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (ബി) | പോലീസ് സ്റ്റേഷനിൽ എത്തുന്ന പൊതുജനങ്ങളോട് മാന്യമായാണ് പോലീസ് പെരുമാറുന്നത്. എല്ലാ പോലീസ് സ്റ്റേഷനുകളിലും പരിചയ സമ്പന്നരായ പോലീസ് ഉദ്യോഗസ്ഥരെ പി.ആർ.ഒ.-ആയി നിയമിച്ചിട്ടുണ്ട്. |
| (സി) | പോലീസിനും ആഭ്യന്തരവകുപ്പിനും എതിരെ വ്യാപകമായ വിമർശനം ഉണ്ടായിട്ടും പോലീസ് സേനയിലെ അച്ചടക്കം നിലനിർത്തുവാൻ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ? | (സി) | പോലീസ് സേനയിലെ അച്ചടക്കം നിലനിർത്തുന്നതിനും പൊതുജനങ്ങളോടുള്ള പെരുമാറ്റത്തിൽ പാലിക്കേണ്ട രീതിയെകുറിച്ചുമുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് കർശനമായി നടപ്പാക്കി വരുന്നു. വീഴ്ചകൾ ഉണ്ടാകുന്ന പക്ഷം അവ ഗൗരവപൂർവ്വം കൈകാര്യം ചെയ്യുന്നതിന് മേലധികാരികൾക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ